വാല്യം 1 ലക്കം 3 വൃശ്ചികം/ധനു 1171

# താളിയോല



ബിനി പ കങ്ങാക്ഷൻ

## എല്ലാവർക്കും താളിയോലയുടെ ഈദ് ആശംസകൾ

താളുകളിലൂടെ....................


മുഖവുര....................................2

മഴ..........................................3

പാചകം ....................................3

ഏകാന്തപഥികൻ.........................4

വേണം നമുക്കും വോട്ട്...........6

കഥാപുരുഷൻ..........................7

ഏകതയാണോ വൈവിധ്യമാണോ നല്ലത്............................8

മുഖാമുഖം....................................9

പ്രാദേശിക വാർത്തകൾ ...........11

പ്രതികരണം...............................11

നാട്ടുവിശേഷം...........................12


ഈ ലക്കം സ്പോൺസർ ചെയ്ത ശ്രീ. അബ്ദുൾ റഹിമിന് നന്ദി!!

# മുഖവുര

ഇത്തവണത്തെ ജ്ഞാനപീഠത്തിന്റെ വാർത്ത ആദ്യം വായിക്കുന്നത് ഒരിംഗ്ലീഷ് ന്യൂസ് മാഗസിന്റെ താളുകളിലാണ്. പത്രഭാഷയുടെ നിർവികാരമായ വാക്കുകളിൽ 'മിസ്റ്റർ നായരു'ടെ കൃതികളെക്കുറിച്ച് പതിവു ക്ലീഷെകളിലൂടെ എഴുതിയ ആ ഒരുകോളം വായിച്ചപ്പോൾ എന്തുകൊണ്ടോ ഒരു നഷ്ടബോധമാണ് തോന്നിയത്. കാലവും നാലുകെട്ടും രണ്ടാമൂഴവും വഴി രണ്ടു തലമുറയുടെ മുഴുവൻ സങ്കല്പങ്ങൾ രൂപപ്പെടുത്തിയ കലയെപ്പറ്റി ഒരുകോളത്തിലെഴുതുമ്പോൾ എത്ര നിർവികാരമായിപ്പോകാമെന്നാണ് ഓർത്തുപോയത്.

മനുഷ്യന്റെ അപൂർണതകളാണ് എം.ടി.യുടെകഥാപാത്രങ്ങളുടെ പൂർണത. കാലത്തിലെ സേതുവിലും നാലുകെട്ടിലെ അപ്പുണ്ണിയിലും തുടർന്ന അപൂർണതയുടെ അന്വേഷണം രണ്ടാമൂഴത്തിലെ ഭീമനിലെത്തുമ്പോൾ ഒരു കൾട്ടിന്റെ തന്നെ രൂപം കൈവരിക്കുന്നു. അങ്ങനെ സ്വാർത്ഥതയും ദുരഭിമാനവും ഭീരുത്വവും എല്ലാം അദ്ദേഹത്തിന്റെ നായകൻമാരിൽ കാണാം. പൂർണനായ മനുഷ്യന്റെ കഥപറയാൻ വേണ്ടിയാണ് ആദികവി ആദ്യകാവ്യമെഴുതിയത് എന്നോർക്കുമ്പോൾ ഇത് ഏറ്റവും രസകരമായിതോന്നാം.

കല പ്രകൃതിയുടെ വ്യാഖ്യാനമാണ്. പ്രകൃതി കുറിച്ചിട്ട സൂചനകൾക്കിടയിലെ മൗനങ്ങളെ വായിച്ചെടുക്കുകയാണ് കലാകാരൻ ചെയ്യുന്നത്. പ്രകൃതിയെന്ന യാഥാർത്ഥ്യത്തെ ഓരോകലാകാരനും സ്വന്തം രീതിയിൽ വ്യാഖ്യാനിച്ച് തൻേറതായ ലോകം സൃഷ്ടിക്കുന്നു. രണ്ടാമൂഴത്തിന്റെ രചനയിൽ താൻ ചെയ്തത് അക്ഷരാർത്ഥത്തിൽ ഇതുതന്നെയാണെന്ന് എം.ടി. പറയുന്നു. പ്രകൃതിയോളംതന്നെ ബൃഹത്തായ മഹാഭാരതത്തിൽ മൗനങ്ങൾ തേടുകയായിരുന്നു താനെന്ന് പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതുന്നു. മഹാഭാരതത്തിലെ കഥാപാത്രങ്ങളെ അമാനുഷരുടെ തലത്തിൽനിന്ന് മനുഷ്യരുടെയിടയിലേക്കിറക്കിക്കൊണ്ടുവന്നപ്പോൾ ആ മൗനങ്ങൾ ഭംഗിയായി പൂരിപ്പിക്കപ്പെടുകയായിരുന്നു. ഇതിഹാസങ്ങളിലെ ധ്വനികൾക്കിടയിലെ മൗനംതേടിയുള്ള ആ യാത്ര പിന്നീട് വൈശാലിയിലും വടക്കൻ വീരഗാഥയിലുമായി സ്വന്തമായ ഇതിഹാസങ്ങൾ തന്നെ രചിക്കുകയായിരുന്നു.

സ്ത്രീപുരുഷ പ്രേമത്തിന്റെ വൈവിധ്യവും എം.ടി.യുടെ കഥകളുടെ മുഖമുദ്രയാണ്. ശക്തരായ സ്ത്രീകളും, ഭീരുക്കളും സ്വാർത്ഥരുമായ പുരുഷൻമാരും എം.ടി. കഥകളുടെ പ്രത്യേകതയാണെന്ന് പറയാറുണ്ട്. മരുമക്കത്തായസമൂഹത്തിന്റെ സ്വാധീനം ഇതിന്റെ കാരണമായിരിക്കാം. കാലത്തിലും രണ്ടാമൂഴത്തിലും പരിണയത്തിലും നീലത്താമരയിലും ഇത് വളരെ വ്യക്തമാണുതാനും. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി അനുരാഗത്തിന്റെ ഏറ്റവും ഉദാത്തമായ മേഖലയിലെത്തി നിൽക്കുന്നത് 'വാനപ്രസ്ഥ'മാണ്. കൗമാരത്തിലെ പരസ്പരാകർഷണത്തിന്റെ ഓർമകളുമായി ജീവിതസായാഹ്നത്തിൽ കണ്ടുമുട്ടുന്ന ഗുരുവിന്റെയും ശിഷ്യയുടെയും കഥയാണിത്. എം.ടി.യുടെ ഏറ്റവും സുന്ദരമായ കൃതികളിലൊന്നാണിത്.

താൻ ജനിച്ചുവളർന്ന സമൂഹത്തിന്റെയും തലമുറയുടെയും സ്പന്ദനം എം.ടി.യുടെ കൃതികളിലെല്ലാമുണ്ട്. മരുമക്കത്തായ കുടുംബങ്ങളുടെ ജീവിതം അറിയാത്ത ഒരാൾക്ക് 'കാലമോ' 'നാലുകെട്ടോ' ആസ്വദിക്കാനാവുമോ എന്ന് സംശയമാണ്. അതുപോലെ, മുത്തശ്ശിക്കഥകളിലൂടെ മഹാഭാരതവും വടക്കൻപാട്ടും ചിരപരിചിതമല്ലാത്ത ഒരാൾക്ക് രണ്ടാമൂഴത്തിന്റെയും വടക്കൻ വീരഗാഥയുടെയും ഹൃദയം മനസ്സിലാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഒരുയാഥാസ്ഥിതിക സമൂഹത്തിന്റെ ചലനങ്ങളറിയാത്തവർക്ക് 'വാനപ്രസ്ഥ'ത്തിന്റെ സൗന്ദര്യം മുഴുവൻ കാണാനാവുകയുമില്ല. അങ്ങനെ, എം.ടി കഥകൾ എന്നും ഈ സമൂഹത്തിന്റെയും തലമുറകളുടെയും മാത്രം സ്വന്തമായിരിക്കും.

-ശങ്കരനാരായണൻ

> അടിസ്ഥാനരഹിതമായ മുൻവിധികൾ ഒരിക്കൽ മനസ്സിൽ പ്രവേശിച്ചാൽ പിന്നെ അവ നീക്കം ചെയ്യാൻ പ്രയാസമാവും.
>
> - വോൾട്ടയർ

## മഴ

ഗോപു

എനിക്കോർമവെച്ച കാലം മുതൽ എന്നും ഈ നാട്ടിൽ മഴയുണ്ട്. എന്നും എന്നല്ല എപ്പോഴും. ഒന്നുകിൽ വടക്കും ഭാഗത്ത്, അല്ലെങ്കിൽ കിഴക്കുംഭാഗം എന്ന കണക്കിന്. ഈ മഴയൊഴിഞ്ഞൊരു നേരം മാനോമില്ല എന്ന് കുഞ്ഞുണ്ണി മാഷോ, മഴയും അതിന്റെ കളകളാരവവും ഒഴിച്ചാൽ മിച്ചം ജീവിതമില്ലെന്ന് ഹെമ്ഗ്ഗോ പറഞ്ഞാലും ഒട്ടും തെറ്റാകില്ല. മഴ കാരണം വീട്ടിലൊരിടത്തും ഇരിക്കാൻ പറ്റാത്ത അവസ്ഥയാണ്. കുട്ടിക്കാലത്ത് തെക്കിനിയിൽ സ്വസ്ഥമായിരുന്ന് വടക്കേ തളത്തിൽ മഴ പെയ്യുന്നത് കേൾക്കാറുണ്ടായിരുന്നു. അക്കാലത്തൊക്കെ വടക്കു പടിഞ്ഞാറു നിന്ന് വീശിയിരുന്ന കരക്കാറ്റ് മാത്രമായിരുന്നു മഴവാഹകൻ. ഇന്നതല്ല സ്ഥിതി. നാലു ദിക്കീന്നും കാറ്റു വീശുന്നുണ്ട്.

"മഴ കൊള്ളാതിരിക്കാൻ അച്ഛൻ പന്തലുണ്ടാക്കും, ഉണ്ടാക്കി, ഉണ്ട്" എന്ന കണക്കിന് സംസാരങ്ങൾ നാട്ടിലെല്ലാവരും പറഞ്ഞു നടപ്പുണ്ട്. "പന്തലു വേണ്ട അമ്മേ, പ്രാവു വരില്ല" എന്ന് അന്യേത്തിക്കുട്ടി പറയുന്നുണ്ടായിരുന്നു. "അത് അയലത്തുള്ളോർക്കും ഓർമ വേണ്ടേടീ" എന്നമ്മ മറുപടി പറയും. ഇവർക്കൊക്കെ കുട്ട്യോളുടെ മനസ്സായെങ്കിൽ എന്നു ഞാൻ വെറുതെ ആശിച്ചു.

ഇതാണ് വീട്ടിലെ സ്ഥിതിയെന്നിരിക്കെ ബാക്കി നാട്ടുകാരെ പഴി പറഞ്ഞിട്ടു കാര്യമില്ല. എന്നാലും കൊച്ചുസാന്റെ കാര്യമോർക്കുമ്പോൾ ചിരി വരും. പണ്ട് ഞാൻ ജനിക്കുന്നതിനും, എന്തിന്, എന്റെ വീട്ടിലെ സ്വത്ത് ഭാഗമാക്കുന്നതിനും മുമ്പേ, ടോമിയുടെ വീട്ടിലെ പന്തലുവീണ് കൊച്ചുസാന്റെ വീട് കുറെ ഇടിഞ്ഞതാണ്. "ടോമി പന്തലു തള്ളിയിട്ടതല്ലേ, ചുമ്മാതങ്ങ് വീണതല്ലല്ലോ" എന്ന് ചിലർ പറയാറുണ്ട്. "ചുമ്മാതല്ലല്ലോ, കൊച്ചുസാന്റെ ശല്യം സഹിക്കാഞ്ഞല്ലേ" എന്ന് മറ്റു ചിലരും. അതെന്തായാലും കൊച്ചുസാന്റെ പൊര ഇപ്പോൾ ടോമീടെ പന്തലിലാണ്. എന്നിട്ടേയ്, കൊച്ചുസാൻ, "പന്തലുകെട്ടരുത്, അതിനുള്ള മുള, കയറ്, ഇത്യാദി കൈവശം വക്കുകപോലും അരുത്" എന്നൊക്കെ മൻമഥൻസാറും ഗുരുദേവനും പറയുംമാതിരി വിളിച്ചു നടപ്പാണ്. ഇതൊക്കെ കണ്ടോ എങ്ങിനാ ചിരിക്കാതിരിക്ക്യാ.

മഴേന്ന് തുടങ്ങി പന്തലിലെത്തിയല്ലെ. പറഞ്ഞിട്ടെന്താ കാര്യം. അന്യേത്തികുട്ടി ചോദിച്ചപോലെ "പന്തലുണ്ടായിട്ടും എന്താ ടോമീടെ വീട്ടിലെല്ലാവരും നനഞ്ഞിരിക്കുന്നേ" എന്നതാ മഴയുടെ സ്ഥിതി. ഓർക്കുമ്പോ തോന്നും ഓർക്കാതിരിക്കുന്നതാ ഭേദോന്ന്.

(അടികുറിപ്പ് : പ്രാവുവളർത്തു കേന്ദ്രം (U.N.) അമ്പതാംവാർഷിക സമ്മേളനത്തിൽ മാനലയനും വടക്കേക്കുളം പന്തൽ സമിതി (NATO security umbrella) യിൽ ചേരുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ചിരകനും ചെയ്ത പ്രസംഗങ്ങളോട് കടപ്പാട്)

## പാചകം

### വട്ടയപ്പം

ജെയ്നി സുനീഷ്

ചേരുവകൾ

| | |
|---|---|
| 1. പച്ചരി | - 3 കപ്പ് |
| പഞ്ചസാര | - 6 ടേബിൾ സ്പൂൺ (മധുരത്തിന് വേണ്ടത്) |
| തേങ്ങ(Desicated) | - 4 ടേബിൾ സ്പൂൺ |
| വെള്ളം | - അരക്കാൻ വേണ്ടത് |
| 2. യീസ്റ്റ് | - 1 ടീ സ്പൂൺ |

പാചകം ചെയ്യുന്ന വിധം:

ഒന്നാമത്തെ ചേരുവകൾ മിക്സിയിൽ നല്ലവണ്ണം അരക്കുക. യീസ്റ്റ് കുറച്ച് ചൂടു വെള്ളത്തിൽ കലക്കി പൊങ്ങാൻ വെക്കണം. പൊങ്ങിയ യീസ്റ്റ് അരച്ച മാവിൽ ചേർത്ത് 6 മണിക്കൂർ വെക്കണം. ഇഡ്ലി തട്ടിലോ, കുഴിയുള്ള പാത്രത്തിലോ ഒഴിച്ച് ആവിയിൽ പുഴുങ്ങിയെടുക്കണം.

പാത്രത്തിൽ ഒട്ടിപ്പിടിക്കാതിരിക്കാൻ കുറച്ച് എണ്ണ പുരുട്ടണം. ഈ അളവിൽ ഏകദേശം 5 അപ്പം ഉണ്ടാക്കാം.

# ഏകാന്തപഥികൻ

ജെ. മാത്യൂസ്

അലാറത്തിൻെറ ശബ്ദം കേട്ടാണ് ഗണേശയ്യർ കണ്ണു തുറന്നത്. ആദ്യമേ നോട്ടം ചെന്നത് ചുവരിലെ കലണ്ടറിലാണ്. ഇന്ന് ആഗസ്റ്റ് 26-ാം തിയതി. ഈ ശരണാലയത്തിലെ അന്തേവാസിയായി മാറിയിട്ട് ഒരു വർഷം തികഞ്ഞു. നീണ്ട ഒരുവർഷം. ഓർത്തപ്പോൾ അയ്യരുടെ കണ്ണു നിറഞ്ഞു.

ഈ ശരണാലയത്തിലെ മറ്റെല്ലാ അന്തേവാസികളും ദുഃഖിതർ തന്നെ. പക്ഷേ അവരിൽ നിന്നെല്ലാം വ്യത്യസ്തമാണ് തൻെറ സ്ഥിതി. എല്ലാവരുമുണ്ട്, എന്നിട്ടും ഒറ്റപ്പെട്ടവനായി കഴിയുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടെ പൊന്നു മക്കളാരും കാണാൻ വന്നില്ലല്ലോ എന്നോർത്തപ്പോൾ അയ്യർക്ക് ചങ്ക് പൊട്ടുന്നതുപോലെ തോന്നി.

ഒന്നോർത്താൽ തനിക്ക് ഇതു തന്നെ വരണം. പറക്കമുറ്റാത്ത മൂന്നു കുഞ്ഞുങ്ങളെ തന്നെ ഏല്പിച്ചശേഷം ഭാര്യ ലോകത്തോടു വിട പറഞ്ഞപ്പോൾ കൂട്ടുകാരും ബന്ധുക്കളും ആവുന്നത്ര പറഞ്ഞതാണ് മറ്റൊരു വിവാഹം കഴിക്കാൻ. അന്ന് വയസ്സ് നാൽപത്. പലരും കല്യാണാലോചനയുമായി വന്നതുമാണ്. ഒടുവിൽ നിർബന്ധം സഹിക്കവയ്യാതായപ്പോൾ ഒരു അവസാനകൈ പ്രയോഗിച്ചു. വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയനായി. വിവാഹാലോചനയുമായി വന്നവർക്ക് ആ സർട്ടിഫിക്കറ്റ് കാണിച്ചു കൊടുത്തിട്ട് പറഞ്ഞു "ഇനി എതെങ്കിലും പെണ്ണിനു സമ്മതമാണെങ്കിൽ ഞാൻ തയ്യാർ" പിന്നെ ആരും വിവാഹാലോചനയുമായി വന്നിട്ടില്ല. ഉറ്റ സ്നേഹിതൻ ചന്ദ്രൻപിള്ള അന്ന് പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു.

"എടോ അയ്യരേ വയസ്സുകാലത്ത് വല്ല കഞ്ഞീം കുടിച്ചു കിടക്കണമെങ്കിൽ താൻ വേറെ പെണ്ണ് കെട്ട്. അല്ലെങ്കിൽ പിള്ളേരു പ്രാപ്തിയാകുമ്പോൾ അവരുടെ വഴിക്കു പോകും." അദ്ദേഹം പറഞ്ഞത് എത്ര ശരിയായിരിക്കുന്നു ഇപ്പോൾ.

ആരോ വാതിലിൽ മുട്ടുന്നതുകേട്ടാണ് അയ്യർ ചിന്തയിൽനിന്നും ഉണർന്നത്. ജോലിക്കാരി മുറി അടിച്ചുവാരാൻ വന്നതാണ്.

പ്രഭാതകൃത്യങ്ങളും പ്രാർത്ഥനയും കഴിഞ്ഞ് അയ്യർ വീണ്ടും മുറിയിൽ ഒറ്റക്കായി. ഓരോ കാര്യങ്ങളോർത്തപ്പോൾ കണ്ണ് നിറഞ്ഞൊഴുകി. പൊന്നുപോലെ വളർത്തിക്കൊണ്ടു വന്ന മകൻ വിദേശത്തുപോയപ്പോൾ പറഞ്ഞത് ഇപ്പോഴും കാതിൽ മുഴങ്ങുന്നു.

"അച്ഛാ വെറും രണ്ടു വർഷത്തെ കാര്യമല്ലെയുള്ളു. ഞാൻ തിരികെ വന്നാൽ അച്ഛന് എൻെറ കൂടെത്തന്നെ താമസിക്കാമല്ലോ!" രണ്ടു വർഷമത്രെ. രണ്ടു വർഷം കഴിയുമ്പോൾ അവൻ തിരികെ വരുമെന്നുള്ളത് തീർച്ചയില്ലഎന്ന് കൂട്ടുകാരോട് പറയുന്നത് കേട്ടതാണ്. ഇനി അവൻ വന്നാലും കൂടെ പോകാൻ ഉദ്ദേശിക്കുന്നില്ല. തന്നെയല്ല കൊണ്ടുപോകാൻ ഒരുങ്ങിയാലും അവൻെറ ഭാര്യ സമ്മതിക്കില്ലെന്നു തീർച്ചയാണ്. അവൾ ഒരു മൂശേട്ടയാണ്. അവൾ വന്നുകയറിയതിന് ശേഷമാണ് താൻ വീട്ടിൽ ഒരധികപ്പറ്റായത്.

ഓർമകൾ അയവിറക്കിക്കൊണ്ട് അയ്യർ കിടന്നു. ഒന്നു മയങ്ങാമെന്നുവെച്ചാൽ ഉറക്കം വരണമല്ലോ. വീണ്ടും പഴയകാര്യങ്ങൾ ഓർത്തു പോവുകയാണ്.

സരസ്വതി മരിക്കുമ്പോൾ ഇളയ മകൾ ഉമക്ക് അഞ്ചു വയസ്. രവിക്ക് ഒമ്പത്. വിലാസിനിക്ക് ഏഴ്. മക്കളുടെ നല്ല ഭാവി മാത്രം മുന്നിൽകണ്ടുകൊണ്ട് ജീവിതത്തോട് ഒറ്റക്ക് പൊരുതുകയായിരുന്നു. മൂന്നുപേരും പഠനത്തിൽ മിടുക്കരായിരുന്നു എന്നുള്ളത് വളരെ ആശ്വാസകരമായിരുന്നു.

മക്കൾ വളരുന്നതനുസരിച്ച് അവരുടെ ആവശ്യങ്ങളും വർദ്ധിച്ചു വന്നു. തനിക്ക് എണ്ണിക്കിട്ടുന്ന വരുമാനം ഒന്നിനും തികയില്ലെന്നായപ്പോൾ ഓഫീസ് കഴിഞ്ഞ് ഒരു പാർട്ട്ടൈം ജോലികൂടി ചെയ്യേണ്ടതായി വന്നു. എന്നിട്ടും മാസാവസാനത്തിൽ ആരോടെങ്കിലും കടം വാങ്ങേണ്ടതായി വന്നിരുന്നു.

രവിക്ക് എൻജിനീയറിംഗിന് പഠിക്കാൻ താൽപര്യമാണെന്നു പറഞ്ഞപ്പോൾ എതിർത്തില്ല. തന്നെക്കൊണ്ട് താങ്ങാവുന്നതായിരുന്നില്ല ചെലവ്. എങ്കിലും പ്രോവിഡൻറ്ഫണ്ടിൽ നിന്ന് കടം എടുത്തും അറിയാവുന്നവരോടെല്ലാം കടം വാങ്ങിയും ഒരു വിധംനിവൃത്തിച്ചു. ആയിടെ വിലാസിനിക്ക് ഒരു ചെറിയ ജോലികിട്ടിയതും സഹായമായി. ഉമയാണെങ്കിൽ പ്രീഡിഗ്രിക്കു പഠിക്കുകയായിരുന്നു.

റിട്ടയർമെൻറ് അടുത്തുവന്നപ്പോഴായിരുന്നു വീടിനെപ്പറ്റി ആലോചിച്ചത്. റിട്ടയർ ചെയ്ത് ആറുമാസത്തിനകം ക്വാർട്ടേഴ്സ് ഒഴിയേണ്ടി വരും. രവിയോട് താൻ സൂചിപ്പിച്ചു, റിട്ടയർമെൻറ് സമയത്ത് കിട്ടുന്നതുകൊണ്ട് ഒരു വീടു വാങ്ങിയാലോ എന്ന്.

"വിലാസിനിയേയും ഉമയേയും കെട്ടിച്ചു വിടുന്നതല്ലേ അച്ഛാ അതിലും അത്യാവശ്യം." അതായിരുന്നു അവൻെറ പ്രതികരണം.

ആലോചിച്ചപ്പോൾ അവൻ പറഞ്ഞതിലും കാര്യമുണ്ടെന്നു തോന്നി. വിലാസിനിക്ക് ഇരുപത്തൊന്നു വയസു കഴിഞ്ഞു. ഉമക്ക് പത്തൊൻപതും. റിട്ടയർമെൻറിനു തൊട്ടു മുൻപ് വിലാസിനിയുടേയും അതിനുശേഷം ആറുമാസത്തിനകം ഉമയുടേയും കല്യാണം നടത്തി.

അധികം താമസിയാതെ വാടക വീട്ടിലേക്ക് മാറി. ദൈവാനുഗ്രഹത്താൽ രവിക്ക് നല്ല ജോലികിട്ടി. കടങ്ങളൊക്കെ വീട്ടാൻ അവനും സഹായിച്ചു. പെൻഷൻകൊണ്ട് ചെലവുകളൊക്കെ ഒരുവിധം കഴിച്ചു പോന്നു.

ഇനി രവിക്കും വേണമല്ലോ ഒരു കല്യാണം. അതേപ്പറ്റി അവനോട് പറഞ്ഞപ്പോൾ അവൻ പറഞ്ഞു "എല്ലാം അച്ഛൻെറ ഇഷ്ടം." തൻെറ സന്തോഷത്തിന്ന് അതിരില്ലായിരുന്നു. ദൈവകൃപയെന്നല്ലാതെ എന്തു പറയാൻ. മോന് അച്ഛൻെറ ഇഷ്ടത്തേക്കാൾ വലുതായൊന്നുമില്ല എന്നറിയുന്നതുതന്നെ എത്ര സന്തോഷകരമാണ്.

പിന്നെ എല്ലാം ധൃതഗതിയിലായിരുന്നു. രവിയുടെ ആഗ്രഹപ്രകാരം ജോലിയുള്ള ഒരു പെൺകുട്ടിയെത്തന്നെ അവൻ വിവാഹം കഴിച്ചു. ആദ്യത്തെ രണ്ടുമൂന്നു മാസങ്ങൾ സന്തോഷമായിക്കഴിഞ്ഞു. പിന്നെയാണ് പ്രശ്നങ്ങൾ തലപൊക്കിയത്. രവിയുടെ ഭാര്യ വിമലക്ക് താൻ ആ വീട്ടിൽ ഒരധികപ്പറ്റായി തോന്നിത്തുടങ്ങിയോ എന്ന് നേരിയ സംശയം. അവരുടെ ജീവിതത്തിൽ താൻ ഒരു വിലങ്ങുതടിയാണ് എന്ന് അവർ കരുതുന്നതായി തോന്നി. വൈകുന്നേരങ്ങളിൽ പോലും ഒരുമിച്ച് ആഹാരം കഴിക്കാതായി. എല്ലാം കൊണ്ടും ആ വീട് ഒരു നരകമായി തോന്നിത്തുടങ്ങി. എങ്കിലും ആരോടും ഒരു പരാതിയും പറഞ്ഞില്ല.

ആയിടെയാണ് രവിക്ക് വിദേശത്ത് ഉദ്യോഗം ലഭിച്ചത്. ഒരുക്കങ്ങളെല്ലാം പൂർത്തിയാകാറായപ്പോഴാണ് അവൻ തന്നെ സമീപിച്ചത്.

"അച്ഛാ അടുത്ത ആഴ്ചയിൽ ഞാൻ പോവുകയാണ്. രണ്ടു വർഷത്തെ കാലാവധിയിൽ എനിക്ക് ഒരു ജോലികിട്ടി. വിമലയും എൻെറ കൂടെ പോരാൻ തീരുമാനിച്ചു." ഒരു നടുക്കത്തോടെയാണ് ആ വാർത്ത കേട്ടത്. തൻെറ ഇത്രയും നാളത്തെ കഷ്ടപ്പാടിനും ബുദ്ധിമുട്ടിനും ഉള്ള പ്രതിഫലമോ ഇത്.

"അപ്പോൾ ഞാൻ ഒറ്റക്ക് ഈ വീട്ടിൽ കഴിയാനോ"?

"അച്ഛാ വീടു ഞാൻ ഒഴിഞ്ഞു കൊടുക്കാമെന്നു പറഞ്ഞു. അച്ഛനു മാത്രമായി ഇതുപോലൊരു വീടിൻെറ ആവശ്യമില്ലല്ലോ."

"അപ്പോൾ ഞാൻ എങ്ങോട്ട് പോകും മോനെ"?

"അച്ഛൻ വിഷമിക്കേണ്ട. എല്ലാത്തിനും വഴികണ്ടുവെച്ചിട്ടുണ്ട്. സമാധാനമായി ഉറങ്ങിക്കൊള്ളു. അച്ഛനുള്ളതെല്ലാം അടുക്കി പെട്ടിയിൽ വെച്ചോളു".

ആ രാത്രി മകനോടൊത്തുള്ള അവസാന രാത്രിയാകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. പിറ്റെ ദിവസം രാവിലെ രവി ടാക്സിയുമായി വന്നു. വണ്ടിയിലിരുന്നപ്പോഴും എങ്ങോട്ടാണ് പോകുന്നതെന്ന് അറിയില്ലായിരുന്നു. ചോദിക്കണമെന്നു കരുതിയെങ്കിലും വേണ്ടെന്നു വെച്ചു. അവസാനം ഈ ശരണാലയത്തിൻെറ ഗേറ്റിൽ വണ്ടി നിർത്തിയപ്പോഴാണ് എല്ലാം മനസ്സിലായത്. നിറഞ്ഞ കണ്ണുകൾ രവി കാണാതെ തുടച്ചു. പിന്നെ എല്ലാം നിസ്സംഗതയോടെ അനുഭവിക്കുകയായിരുന്നു. മനസ്സിൽ ഒരു വലിയ ഭാരം എടുത്തുവെച്ചതുപോലെ.

മുറിയിൽ തനിച്ചാക്കിയിട്ടു പോകാനിറങ്ങിയ രവിയോട് ഹൃദയം പൊട്ടിയതുപോലെയായിരുന്നു ചോദിച്ചത്.

"എടാ മോനെ അമ്മയില്ലാത്ത മൂന്നു മക്കൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഈ അച്ഛനെ ആർക്കും വേണ്ടാതായോ"?

"അച്ഛാ എന്നോടു ക്ഷമിക്കണം, അച്ഛൻെറ മോൻെറ നല്ല ഭാവിയെയോർത്ത്. പിന്നെ ഉമയോടും വിലാസിനിയോടും കൂടി ആലോചിച്ചു തന്നെയാണ് ഈ തീരുമാനമെടുത്തത്. അവർക്കും അച്ഛനെ

കൂടെ താമസിപ്പിക്കാൻ പറ്റില്ലത്രേ. അവർക്കു വിരോധമില്ലെങ്കിലും അവരുടെ ഭർത്താക്കൻമാർ...".

"മതിയെടാ മോനെ. അച്ഛനു മതിയായി. തൃപ്തിയായി. നിനക്കു നല്ലതു വരട്ടെ. അച്ഛൻെറ അനുഗ്രഹങ്ങൾ എന്നും നിന്നോടു കൂടെ ഉണ്ടാകും."

ഗണേശയ്യരുടെ മിഴികൾ അടഞ്ഞു. അയ്യർ ഉറക്കത്തിലേക്ക് വഴുതി വീഴുകയായിരുന്നു.

## ബഹുവചനക്കമ്പം

കുഞ്ഞുണ്ണി

എഴുത്തും വായനയും പഠിച്ച ഇന്നത്തെ മലയാളികളിൽ ഭൂരിപക്ഷം പേരും ബഹുവചനക്കമ്പക്കാരാണ്. അവൻ ഓരോ മനുഷ്യനും എന്നല്ല ഓരോ മനുഷ്യരും എന്നേ പറയൂ. മുല്ലപ്പൂ വിടർന്നിട്ടുണ്ടായിരിക്കും എന്നു പറയില്ല. മുല്ലപ്പൂക്കൾ വിടർന്നിട്ടുണ്ടായിരിക്കും എന്നേ പറയൂ. എനിക്ക് രണ്ട് കൈയുണ്ട് എന്ന് പറയില്ല. രണ്ട് കൈകളുണ്ട് എന്നേ പറയൂ. രണ്ടു മുണ്ടു വാങ്ങാൻ പറഞ്ഞാലവനു തൃപ്തിയാവില്ല. രണ്ടു മുണ്ടുകൾ വാങ്ങണം. മലയാളിക്കു രണ്ടു കണ്ണു പോര, രണ്ടു കണ്ണുകൾ വേണം.

ആംഗല, സംസ്കൃത ഭാഷകളുടെ പിടിയിലാണിന്നും ഇക്കാര്യത്തിൽ മലയാളി. ഈ ബഹുവചനക്കമ്പം പോലെത്തന്നെയാണ് മലയാളിക്ക് ദ്വിത്വക്കമ്പവും. ഓർമ എന്നെഴുതിയാൽ മലയാളിക്കു തൃപ്തിയാവില്ല. ഓർമ്മ എന്നുതന്നെയെഴുതും. കർമം ചെയ്യുന്നവനല്ല കർമ്മം ചെയ്യുന്നവനാണ് മലയാളി. ഭാഷകൊണ്ട് അവൻ സർക്കസ്സു കാണിക്കും. അവൻ കടലാസിലെഴുതിയാൽ കീറിയാലോ എന്നു കരുതി കടലാസ്സിലേ എഴുതൂ. ഗ്ലാസിലൊഴിച്ചാൽ പൊട്ടിപ്പോയാലോ എന്നു കരുതി ഗ്ലാസ്സിലേ ഒഴിക്കൂ. മലയാളിക്ക് മണൽപുറം പോരാ, മണൽപ്പുറം വേണം. വാസ്തവത്തിൽ മണപ്പുറമാണ് നമുക്കൊക്കെ വേണ്ടത്.

ഓർക്കുക: പറയുംപോലെയെഴുതാമേറെക്കുറെ മലയാളം.

(കടപ്പാട്: മാതൃഭൂമി)

## വേണം നമുക്കും വോട്ട്

സുരേഷ് ലാൽ

പ്രവാസികൾക്കും ഇന്ത്യയിൽ വോട്ടവകാശം വേണമെന്ന ആവശ്യത്തിന് ദശകങ്ങളുടെ പഴക്കമുണ്ടെങ്കിലും, ഇതുവരെ കാര്യമായ ശ്രമങ്ങളൊന്നും ആവഴിക്കുണ്ടായിട്ടില്ല. ഏതായാലും ഇപ്പോൾ അത്തരമൊരു ചർച്ച ഉരുത്തിരിഞ്ഞുവരുന്നത് ശുഭസൂചനയാണ്.

ജനാധിപത്യ സംവിധാനത്തിൽ വോട്ടവകാശം പ്രായപൂർത്തിയായ ഓരോ പൗരൻെയും മൗലികാവകാശമാണ്. അതിനെ വാസിയെന്നും പ്രവാസിയെന്നും തരംതിരിച്ച് ഒരു വിഭാഗത്തിനുമാത്രം ഈ അവകാശം നിഷേധിക്കുന്നത് ന്യായീകരിക്കാവുന്നതല്ല.

സാങ്കേതികവും പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ പലതും കണ്ടേക്കാമെങ്കിലും, ഇത് നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിദേശ ഇന്ത്യക്കാരിൽ നല്ലൊരുപക്ക് മലയാളികളായതിനാൽ കേരളം തന്നെ ഈ കാര്യത്തിൽ മുൻകൈയെടുക്കണം.

ആദ്യപടിയായി, ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി വരുത്തി വിദേശത്തുള്ളവരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താനുള്ള തടസ്സം നീക്കണം. (ഇപ്പോൾ ഇന്ത്യയിൽ ഒരു സ്ഥലത്ത് ആറുമാസത്തിലധികം താമസിക്കുന്നവരെ മാത്രമേ വോട്ടർ പട്ടികയിൽപ്പെടുത്തുകയുള്ളൂ.) അങ്ങിനെയായാൽ തിരഞ്ഞെടുപ്പ് സമയത്ത് നാട്ടിൽപോകുന്നവർക്കെങ്കിലുംവോട്ടവകാശം രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നതാണ്. പിന്നീട്, പടിപടിയായി തപാൽവഴിയോ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ, ഇന്ത്യൻ എംബസികളിലൂടെയോ എല്ലാ വിദേശ ഇന്ത്യക്കാരനും വോട്ടവകാശം രേഖപ്പെടുത്താനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

മറ്റൊരു കാര്യംകൂടി. എങ്ങിനെ ഈ അവകാശം വിനിയോഗിക്കുംഎന്നതനുസരിച്ചിരിക്കും ഇതുകൊണ്ടുള്ള നേട്ടം. കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ അവകാശം വിനിയോഗിക്കാൻ കഴിഞ്ഞാൽ, ഇന്ന് വിദേശഇന്ത്യക്കാർ, പ്രത്യേകിച്ച് വിദേശമലയാളികൾ അനുഭവിക്കുന്ന പലവിവേചനങ്ങൾക്കും അറുതി വരുത്താൻ സാധിക്കും.

# കഥാപുരുഷൻ

ശങ്കരനാരായണൻ

സിനിമ ഒരളവുവരെ പ്രേക്ഷകൻെറ കൂടി കലയാണ്. തൻെറ മുന്നിലൊരുക്കിവെച്ചിരിക്കുന്ന ദൃശ്യങ്ങളുടേയും ശബ്ദങ്ങളുടേയും സൂചനകളിൽ നിന്ന് സ്വന്തമായ രീതിയിൽ അനുഭവങ്ങൾ നെയ്തെടുക്കുകയാണ് അയാൾ ചെയ്യുന്നത്. ഒടുവിൽ ഒരു നിയുക്ത കഥാപാത്രത്തിൻെറ മുഖംമൂടിയുമായി അനുവാചകൻ പുറത്തിറങ്ങുമ്പോഴാണ് സിനിമ അതിൻെറ യുക്തിപരമായ പൂർണതയിലെത്തുന്നത്. അടൂരിൻെറ കഥാപുരുഷനും ഇതിൽ നിന്നും വ്യത്യസ്തമല്ല.

കുഞ്ഞുണ്ണിയാണ് കഥാപുരുഷൻ. സ്വന്തം അച്ഛൻ ഉപേക്ഷിച്ചു പോയപ്പോൾ ഒരു മുത്തച്ഛൻെറയും അച്ഛൻെറയും ചിലപ്പോൾ ഒരു കൂട്ടുകാരൻെറയും സ്ഥാനത്തു നിന്ന കാര്യസ്ഥൻ വേലുച്ചാർ. കുടിച്ചു വന്നു വഴക്കുണ്ടാക്കുമ്പോഴും ഭാര്യക്കിഷ്ടപ്പെട്ട 'ഉണ്ടച്ചക്കര' വാങ്ങിക്കൊണ്ടുവരാൻ മറക്കാത്ത ആനക്കാരനും അയാൾക്ക് ആനയുരുള ഉരുട്ടിക്കൊടുക്കുന്ന ഭാര്യ ജ്ഞാനമ്മയും. കുഞ്ഞുണ്ണിയുടെ വിക്കിനെ കളിയാക്കുമ്പോഴും അതിനെ ചൊല്ലി സങ്കടപ്പെടുന്ന കൂട്ടുകാരി മീനാക്ഷി. ഇവരെല്ലാം കുഞ്ഞുണ്ണിയിൽ, മനുഷ്യൻെറ അടിസ്ഥാനപരമായ നൻമയെക്കുറിച്ചുള്ള വിശ്വാസത്തിന് കാരണമായി. പിന്നീട് അയാളുടെ ജീവിതത്തെ മുഴുവൻ നിയന്ത്രിച്ച പ്രധാന ഘടകവുമായി.

ഗാന്ധിയുടെ മരണം ബാലനായ കുഞ്ഞുണ്ണിയിലുണർത്തുന്ന സങ്കടവും, പിന്നീട് ഇടതുപക്ഷ പ്രവർത്തനത്തിന് ഒളിവിൽ കഴിയുന്ന വാസുവമ്മാവൻ രാത്രിയിൽ അമ്മയെക്കാണാൻ വരുന്നതും വഴി കുഞ്ഞുണ്ണിയിൽ ഹ്യൂമനിസവും പ്രത്യയശാസ്ത്രവും തമ്മിൽ ഇണപിരിയാനാവാത്ത വിധം കൂടിച്ചേർന്നതിനെ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു അടൂർ.

താൻ വിശ്വസിക്കുന്ന മൂല്യങ്ങൾക്കുവേണ്ടി പൊരുതാനുള്ള മനുഷ്യൻെറ അഭിവാഞ്ഛയാണ് കഥാപുരുഷൻെറ കാതൽ. കഥാനാന്ദിയിൽ, കാട്ടിൽ വെച്ച് നേരെ വന്ന രാക്ഷസനെ, ജയിക്കാൻ സാധ്യതയില്ലെന്നറിഞ്ഞിട്ടും വാളുമായി നേരിടുന്ന രാജകുമാരൻെറ കഥയുണ്ട്. പ്രധാന കഥയെ ഇതിൻെറ ആവിഷ്കരണമായി വളരെ കൗശലപൂർവം ചിത്രീകരിച്ചിരിക്കുന്നു.

വിപ്ളവത്തിൻെറ അഗ്നിക്കു മുൻപിൽ മനുഷ്യ ബന്ധങ്ങളുടെ ഈർപ്പം സൃഷ്ടിക്കുന്ന നെടുവീർപ്പുകൾ മലയാളത്തിൽ ഒരു നിത്യ പ്രചോദനമായി വർത്തിച്ചിട്ടുണ്ട്. 'കുടിയൊഴിക്കൽ' മുതൽ 'മാപ്പുസാക്ഷി' വരെയുള്ള കൃതികളിൽ ഇത് ധർമസങ്കടത്തിൻെറ വേലിക്കുള്ളിൽ നിൽക്കുമ്പോൾ കഥാപുരുഷൻ അതിനെ അതിജീവിക്കുന്നു. ജെയിലിൽ നിന്നു പുറത്തു വരുന്ന കുഞ്ഞുണ്ണി തൻെറ അനുഭവങ്ങളെ പുസ്തകത്തിലൂടെ ആവിഷ്കരിക്കുകയും, പിന്നീട് പുസ്തകം നിരോധിക്കപ്പെടുമ്പോൾ ആത്മ വിശ്വാസം വീണ്ടെടുക്കുകയുമാണ്. അയാളുടെ വിക്ക് പെട്ടെന്നു മാറുന്നതിലൂടെ ഇതിനെ നാടകീയമായി ആവിഷ്കരിച്ചിരിക്കുന്നു. കഥാന്ത്യത്തിലെ സീനിൽ ഇനി നമുക്ക് 'ക - ഖ - ഗ - ഘ' എന്ന അർത്ഥമില്ലാത്ത ശബ്ദങ്ങളിലൂടെ പ്രതികരിക്കാം എന്നു പറയുന്നിടത്തെ മൂർച്ചയുള്ള പരിഹാസത്തോടെ അടൂർ തനിക്കു പറയുവാനുള്ളത് നിസ്സംശയം വ്യക്തമാക്കുന്നു. ഒടുവിൽ നാന്ദി കഥയുടെ ഉത്തരാർദ്ധത്തിൽ രാജകുമാരൻ, 'തനിക്കുശേഷം വരുന്നവർക്കുവേണ്ടി' രാക്ഷസനുനേരെ വാളെടുക്കുന്നതു കൂടിയാകുമ്പോൾ ഇത് പൂർണമാവുന്നു.

കലയുടെ സാക്ഷാത്കാരം അനുവാചക മനസ്സിലാണ്. അതുകൊണ്ട് നിരൂപണം വെറും പ്രതിബിംബത്തിൻെറ അപഗ്രഥനമാവുന്നു. കല മാത്രം ഇതിൽനിന്നെല്ലാം അതീതമായി നിൽക്കുന്നു - സൂര്യനെപ്പോലെ!

അടയ്ക്കാത്തോട്ടില് ഒഴക്കരി വെച്ചു
മേനോനുണ്ടു മേനോത്ത്യുണ്ടു
പന്ത്രണ്ടാന പടിഞ്ഞിരുന്നുണ്ടു
പിന്നേം കെടക്കുണു കട്ടച്ചോറ്

"കുട്ടീ, കുട്ടീ,...കുട്ട്യേ കുട്ടീന്ന് വിളിക്കണത് കുട്ടിക്കിഷ്ടല്ലാച്ചാ, ഇനി കുട്ട്യേ കുട്ടീന്ന് വിളിക്കില്ല്യാട്ടോ, കുട്ടീ."

# ഏകതയാണോ വൈവിധ്യമാണോ നല്ലത്?

വേണു

ഇന്ത്യയിൽ സമീപ കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ 'വൈവിധ്യതയിലെ ഏകത' എന്ന സങ്കൽപം വളരെയധികം പുനർ വിചിന്തനം ചെയ്യപ്പെടാൻ സാധ്യതയുണ്ട്.

വൈവിധ്യം ഇന്ത്യയുടെ പുരോഗതിക്ക് തടസ്സമാണെന്നു ബാഹ്യരൂപേണ തോന്നാമെങ്കിലും, ഈ അഭിപ്രായത്തിന് പരക്കെയുണ്ടായിരിക്കുന്ന സ്വീകാര്യതയെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമുണ്ട്.

ഇന്ത്യയുടെ വൈവിധ്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ജപ്പാന്റെ ഏകതയുമായി താരതമ്യം ചെയ്യുന്നതുനന്നായിരിക്കും. ജപ്പാന്റെ ഏകതയുടെ പുറകിൽ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ വളരെയധികം കാരണങ്ങൾ കാണാൻ കഴിയും. പുറംലോകത്തുനിന്നുള്ള ആശയങ്ങളെ തടയാനും ഏകതയെ നിലനിർത്താനും വേണ്ടി ജപ്പാന് കൊടുക്കേണ്ടിവന്ന വില വളരെയധികമായിരുന്നു. ഏകതയിൽനിന്നും ഉരുത്തിരിഞ്ഞു വന്ന സാമ്രാജ്യത്വവാദം ചീന, കൊറിയ മുതലായ രാഷ്ട്രങ്ങളിലേക്കുള്ള കടന്നാക്രമണത്തിൽ ചെന്നവസാനിച്ചു. ആ പരാക്രമത്തിന്റെ കഥയും അതിന്റെ പരിണതഫലവും ചരിത്രത്തിന്റെ ഏടുകളിൽ മാറാക്കളങ്കമായി അവശേഷിക്കുന്നു. മൂക്കുകയറിട്ട് അടിച്ചേൽപിക്കപ്പെട്ട ഈ ഏകത, വ്യത്യസ്തമായ ചിന്തകളെ വളരാനനുവദിക്കാതെ ചിന്താദാരിദ്ര്യമുള്ളൊരു ജനതയെ വളർത്തിയെടുക്കുന്നതിൽ അത്ഭുതമില്ല. മറ്റുദാഹരണങ്ങൾ നോക്കുകയാണെങ്കിൽ, ആര്യമേധാവിത്വത്തെ കൊട്ടിഘോഷിച്ച ജർമനിയും, ഏകത അടിച്ചേൽപിക്കാൻ ശ്രമിച്ച സോവിയറ്റ് യൂണിയനും നേരിട്ട ദുരന്തം സമീപ കാലചരിത്രത്തിന്റെ ഭാഗമാണ്. ഇവയെല്ലാം ജനതയുടെ വ്യക്തിത്വത്തെ അടിച്ചമർത്തുന്നതും, സ്വതന്ത്രമായ ചിന്തക്ക് കടിഞ്ഞാണിടുന്നതും, പരാജയത്തിലേ കലാശിക്കൂ എന്നുള്ളതിനു തെളിവാണ്.

വ്യത്യസ്തമായ ചിന്താരീതികളെ വളരാനനുവദിക്കുന്നതിനും സ്വന്തം ചിന്താരീതിയുമായി സമന്വയിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യാൻ ഭാരതം പ്രകടിപ്പിച്ചിട്ടുള്ള വ്യഗ്രതയെ പുകഴ്ത്തിയിട്ടുള്ള മഹാൻമാർ ചുരുക്കമല്ല. ഈ ചിന്താരീതി വൈവിധ്യമാർന്ന മതം, സാഹിത്യം, കല എന്നിവയെ പരിപോഷിപ്പിക്കാനിടയായി. ഇതേഅവസരത്തിൽ ജപ്പാനാകട്ടെ ഇവയെ അടിച്ചമർത്തിയ കഥയാണ് പറയാനുള്ളത്.

ഇന്ത്യയുടെ നിലനിൽപ്പിന്റെ നട്ടെല്ലാണ് വൈവിധ്യം. സ്വാഭാവികമായ പരിവർത്തനത്തിലൂടെ ഇന്ത്യയിൽ ഏകത വരികയെന്നുള്ളത് ഇന്നത്തെ യാഥാർഥ്യങ്ങളുടെ പശ്ചാത്തലത്തിൽ തികച്ചും അസംഭവ്യമാണ്. ഇനി, കൃത്രിമമായി ഏകതയെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാലോ? ഏതു ജനതയെ, ഏത് സംസ്ഥാനത്തെ, മാതൃകയായി തിരഞ്ഞെടുക്കും? ഏതെങ്കിലും ഒന്നിനെ തിരഞ്ഞെടുത്ത് അതിനെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കും. ഇന്നത്തെ പ്രശ്നങ്ങൾക്ക് വൈവിധ്യമാണ് കാരണമെന്ന് തോന്നാമെങ്കിലും, കൂലംകഷമായി പരിശോധിച്ചാൽ സ്ഥാപിത താൽപര്യക്കാരുടെ സങ്കുചിത ചിന്തകളാണ് ഇതിന്റെ പിന്നിലെന്നു കാണാൻ കഴിയും.

ഒരു ജനതയുടെ, ക്രിയാത്മകവും, ആരോഗ്യപരവുമായ വളർച്ചക്ക് ഒഴിച്ചുകൂടാനാകാത്ത ഒരുഘടകമാണ് വൈവിധ്യം. ഈ വൈവിധ്യം ഊട്ടിവളർത്തിയ ഭാരതീയ സംസ്കാരം, ഗ്രീക്ക്, മെസ്സൊപ്പൊട്ടോമിയ സംസ്കാരങ്ങളിൽ നിന്നും വ്യത്യസ്തമായി, ഇന്നും ഉറച്ച വേരുകളോടെ നിലനിൽക്കുന്നു. ഇതിൽനിന്നും അകലാനുള്ള ഏത് ശ്രമവും ഇരിക്കുന്ന കൊമ്പിനെതന്നെ മുറിക്കുന്നതിന് തുല്യമാണ്.

നിരവധി ആചാരാനുഷ്ഠാനങ്ങൾ പുലർത്തുന്ന ഇന്ത്യ, പുറംലോകത്തിന്റെ കണ്ണിൽ പഴഞ്ചനായി തോന്നുന്നതിൽ അത്ഭുതപ്പെടാനില്ല. സംഘടിതശക്തിയായി മുമ്പോട്ട് നീങ്ങുവാൻ സാധിക്കാത്തതിനെ വൈവിധ്യത്തിൽ പഴിചാരാനെളുപ്പമാണെങ്കിലും യഥാർത്ഥമായ കാരണം വ്യക്തിപരമായ കഴിവുകേടാണ്. അതുകൊണ്ട്, വൈവിധ്യത്തെ പഴിചാരാതെ, നമ്മുടെതന്നെ ഉള്ളിലുള്ള കാപട്യത്തേയും, സ്വകാര്യതാൽപര്യങ്ങളേയും മാറ്റിവെച്ച്, യാഥാർത്ഥ്യങ്ങളോട് പ്രതികരിക്കുന്നതാണ് ഇന്നത്തെ ആവശ്യം.

# മുഖാമുഖം

## ഗിരി സുസൂക്കി

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുള്ള ജപ്പാനിലെ ഒരു ഹൈസ്കൂൾ അദ്ധ്യാപകനാണ് ഗിരി (യോഷിസാതോ) സുസൂക്കി. അദ്ദേഹം പഠിപ്പിക്കുന്ന ടോക്കിയോവിലെ മെഗുറൊ ഹൈസ്കൂളിൽ വെച്ചാണ് ഈ അഭിമുഖം നടത്തിയത്.

ചൈനീസ് ദാർശനികനായ കൺഫ്യൂഷസിൻെറ വചനങ്ങളുടെ മലയാള പരിഭാഷയിൽനിന്നും ഒരു ഖണ്ഡം ഉദ്ധരിച്ചുകൊണ്ടായിരുന്നു മൂന്നു മണിക്കൂർ നീണ്ടുനിന്ന മുഖാമുഖത്തിൻെറ തുടക്കം.

"നല്ല മനുഷ്യനാകാൻ ശ്രമിക്കുന്നത്
നല്ല മനസ്സോടെയാണെങ്കിൽ
നിങ്ങൾക്ക് ആരെയും വെറുക്കാൻ
കഴിയില്ല."

താ: താങ്കൾക്ക് ഇപ്പോൾ പാരായണം ചെയ്ത ഭാഗം മുഴുവനും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ?

ഗി: ചില വാക്കുകൾ ഉച്ചരിക്കാൻ വിഷമമുണ്ട്, പ്രത്യേകിച്ചും കൂട്ടക്ഷരത്തിൻെറ കാര്യത്തിൽ. അർത്ഥം മുഴുവനായി മനസ്സിലാക്കാൻ പ്രയാസമുണ്ട്. വ്യാകരണ ഭാഗങ്ങൾ, പ്രത്യേകിച്ച് compound verb ൻെറ ഉപയോഗം വ്യക്തമായിട്ടില്ല.

താ: ഇന്ത്യയോടുള്ള താൽപര്യമെങ്ങനെയുണ്ടായി? മലയാളം പഠിക്കുവാനുണ്ടായ സാഹചര്യം പറയാമോ?

ഗി: 20 വർഷം മുൻപ് ഞാൻ ഹൊകായ്ദോ യൂനിവേഴ്സിറ്റിയിൽ ജാപ്പനീസ് ഭാഷാശാസ്ത്രം പഠിച്ചുകൊണ്ടിരുന്നപ്പോൾ ലാഹോറിലുള്ള പഞ്ചാബ് സർവകലാശാലയിൽ ഉറുദു പഠിക്കാനുള്ള സ്കോളർഷിപ്പ് കിട്ടി. അങ്ങനെ ലാഹോറിൽപ്പോയി ഒരു വർഷം ഉറുദു പഠിച്ചു. അവിടെ നിന്നും തിരകെ വരുന്ന വഴി ഉത്തരേന്ത്യയിൽ ഇറങ്ങി. അവിടെവെച്ച് ഹിന്ദി കേൾക്കാനിടയാകുകയും ആ ഭാഷയോട് ആഭിമുഖ്യം ഉണ്ടാവുകയും ചെയ്തു. ജപ്പാനിൽ തിരികെയെത്തിയ ഞാൻ 1979-ൽ ഓസക്കയിൽ ഒരു ഹൈസ്കൂളിൽ classical and modern Japanese അധ്യാപകനായി ജോലി ആരംഭിച്ചു. ആ സമയം തന്നെ ക്യോട്ടോ യൂനിവേഴ്സിറ്റിയിൽ പോയി ഹിന്ദി പഠിച്ചു, ഞങ്ങൾ മൂന്ന് വിദ്യാർത്ഥികളായിരുന്നു ഒരു ക്ളാസിലുണ്ടായിരുന്നത്. രാമായണത്തിൻെറ സംഗ്രഹിച്ച പതിപ്പും, ഹിന്ദിയിൽനിന്ന് ജാപ്പനീസിലേക്ക് തർജ്ജമ ചെയ്യാനും, ഹിന്ദി വ്യാകരണവുമായിരുന്നു പ്രധാനമായി അന്ന് പഠിച്ചത്. അതിനുശേഷം ജൻമസ്ഥലമായ ടോക്യോയിൽ തിരിച്ചെത്തി, ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന മെഗുറൊ ഹൈസ്കൂളിൽ ജാപ്പനീസ് ഭാഷ പഠിപ്പിച്ചു തുടങ്ങി. ഇതിനിടയിൽ പലതവണ ഇന്ത്യയിൽ പോയിരുന്നു. 1986-ൽ ദക്ഷിണേന്ത്യയിലും പോയി. അങ്ങനെ കേരളവും സന്ദർശിച്ചു. തിരുവനന്തപുരത്തുനിന്നും കൊച്ചിയിലേക്ക് പോകുന്നതിനിടയിൽ സന്തോഷ് എന്ന ഒരാളെ പരിചയപ്പെട്ടു. അദ്ദേഹം എന്നോട് ജാപ്പനീസിൽ സംസാരിച്ചു. അവിടെവെച്ച് എനിക്ക് മലയാളം പഠിക്കാൻ ആഗ്രഹമുണ്ടായി. ജപ്പാനിൽ തിരിച്ചെത്തിയ ഞാൻ ഇവിടെയുള്ള മലയാളികളുമായി ബന്ധപ്പെട്ടു. കേരളത്തിൽവെച്ചു പരിചയപ്പെട്ട സന്തോഷിൻെറ സുഹൃത്ത് ജപ്പാനിൽ വന്നപ്പോൾ അദ്ദേഹത്തിൽനിന്നും മലയാളം പഠിത്തം തുടർന്നു. എട്ടൊൻപതു വർഷങ്ങൾക്ക് മുൻപ് തുടങ്ങിവെച്ച മലയാളപഠനം ഇപ്പോഴും തുടരുന്നു.

1993-ൽ Masters ബിരുദത്തിനുവേണ്ടിയുള്ള പഠനം ടോക്യോ യൂനിവേഴ്സിറ്റിയിൽ ആരംഭിച്ചു. 'Multi lingualism and official languages in India with special reference to the language situation in Kerala' ആയിരുന്നു Masters-ൻെറ ഗവേഷണ പ്രബന്ധം. 1995 മുതൽ Doctoral ഗവേഷണം തുടങ്ങി. Socio linguisitics & language policy in India എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണിത്. മറ്റ് ഇന്ത്യൻ ഭാഷകളായ ഒറിയ, ബംഗാളി എന്നിവ ഇതിനായി പഠിക്കാൻ ശ്രമിക്കുന്നു.

താ:താങ്കൾക്ക് എത്ര ഭാഷകൾ അറിയാം?

ഗി: ജർമൻ വായിക്കാനും സംസാരിക്കാനും അറിയാം. ഫ്രെഞ്ച് സംസാരിക്കാൻ കഴിയും. ഇംഗ്ളീഷ് എഴുതാനും വായിക്കാനും സംസാരിക്കാനും പറ്റും. പിന്നെ,ഹിന്ദി, ഉറുദു, മലയാളം ഇവ അറിയാം. തമിഴ് ഒരു പരിധി വരെ വായിക്കാൻ പറ്റും. ഞാൻ എൻെറ രഹസ്യങ്ങൾ ഡയറിയിൽ കുറിക്കുന്നത് മലയാളത്തിലാണ്.

താ: താങ്കളുടെ ക്ളാസുകളിൽ താങ്കൾക്ക് അറിയാവുന്ന ഭാഷകളെ പറ്റിയോ സന്ദർശിച്ചിട്ടുള്ള രാജ്യങ്ങളെപറ്റിയോ ചർച്ച ചെയ്യാറുണ്ടോ?

ഗി: ഇന്ത്യയെപ്പറ്റി പലപ്പോഴും പറയാറുണ്ട്. കുട്ടികൾക്ക് ഇന്ത്യൻ ഭാഷ ഇഷ്ടമാണ്. ദേവനഗരി ലിപിയിൽ പേര് എഴുതാൻ ആഗ്രഹം കാണിക്കാറുണ്ട്. ചില വിദ്യാർത്ഥികൾ ഇന്ത്യ ഒരു പിന്നോക്കരാജ്യമാണ്, വളരെ ചൂടുള്ള സ്ഥലമാണ് എന്നൊക്കെ പറയാറുണ്ട്. പക്ഷേ ഞാനവരെ തിരുത്താറുണ്ട്.

താ: ജ്ഞാപ്പനീസ് സാഹിത്യത്തെക്കുറിച്ചു പറയാമോ?

ഗി: എ.ഡി. 1000 ലുള്ള ഒരു വിശിഷ്ട കൃതിയായിരുന്നു 'ഗെൻജി മൊണൊഗതരി' (ഗെൻജിയുടെ കഥ). മേയ്ജി കാലഘട്ടത്തിൽ സോസെക്കി, ഒഗായി എന്നിവരായിരുന്നു മുന്നിൽ. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കവബാതാ, മിഷിമ എന്നിവരുടെ കൃതികൾക്കായി പ്രാധാന്യം. ഓയെ എന്നസാഹിത്യകാരന് നോബൽ സമ്മാനം കിട്ടിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ പുസ്തകങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ്. സോസെക്കി, ഒഗായി, കവബാത എന്നിവരുടെ കൃതികളാണ് ഹൈസ്കൂളിൽ പഠിപ്പിക്കുന്നത്. കവബാതയുടെ നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. സോസെക്കിയുടെ നോവലുകളായ 'വഗാ ഹായ് വനെകൊ ദെ അരു' വും (നാം പൂച്ചയാകുന്നു) 'കൊകൊറൊ'വും (ഹൃദയം) ഒഗായിയുടെ 'മൈ ഹിമെ' (നർത്തകിയായ പ്രഭുകുമാരി)യും ഹൈസ്കൂളിലെ പാഠപുസ്തകങ്ങളാണ്. മിഷിമയുടെ ഒരു പ്രധാനകൃതി 'കികാകുജി' (സ്വർണക്ഷേത്രം)യാണ്. കവബാതയുടെ രണ്ടു പേരുകേട്ട നോവലുകളാണ് 'ഇസു നൊ ഒദൊരികൊ' (ഇസുവിലെ നർത്തകി),'യുക്കി ഗുനി' (മഞ്ഞു രാജ്യം)

താ: താങ്കൾ ഏറ്റവും കൂടുതൽ ആരാധിക്കുന്ന എഴുത്തുകാരൻ ആരാണ്?

ഉ: ഒഗായിയെയാണ് ഞാനിഷ്ടപ്പെടുന്നത്. ഒഗായി ഒരു ഡോക്ടറായിരുന്നു. അദ്ദേഹം ജർമനിയിൽനിന്നാണ് ബിരുദമെടുത്തത്. ഒരുപാട് ജർമൻ സാഹിത്യകൃതികൾ അദ്ദേഹം ജപ്പാൻ ഭാഷയിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്..

താ: ജപ്പാനിലെ യുവതലമുറയും പഴയ തലമുറയും തമ്മിലുള്ള വ്യത്യാസം താങ്കളുടെ അഭിപ്രായത്തിൽ എന്താണ്?

ഗി: വളരെ വിഷമം പിടിച്ച ചോദ്യമാണ്. പുറത്തുനിന്നു നോക്കുന്ന ഒരാൾക്ക് പുതിയ തലമുറയിലെ ജപ്പാൻകാർ മടിയൻമാരാണെന്നു തോന്നും. പക്ഷേ എൻെറ അഭിപ്രായം അതു ശരിയല്ല എന്നാണ്. യുവതലമുറക്ക് മാനസോല്ലാസത്തിന് പല സ്ഥലങ്ങളുണ്ട്. ഉദാഹരണമായി Pachinko, Karaoke centres തുടങ്ങിയവ. അവർക്ക് പഠിക്കുന്നതിനോടൊപ്പം ഇതിലും താൽപര്യമുണ്ടാകുന്നത് സ്വാഭാവികമാണ്. എൻെറ കാലത്തെ സ്ഥിതി ഇതല്ലായിരുന്നു. അന്ന് ഇങ്ങനെയുള്ള നേരമ്പോക്കുകളൊന്നും തന്നെയില്ലായിരുന്നു. അതിനാൽ അന്ന് കുട്ടികൾ പഠിത്തത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നു.

താ: ജപ്പാനിലെ വാർത്താമാദ്ധ്യമങ്ങൾ ഇന്ത്യയുടെ പ്രതിച്ഛായയെ മങ്ങലേൽപിക്കുന്ന രീതിയിലാണ് പ്രചരണം നടത്താറുള്ളത്. ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ഉ: ഈ പ്രവണത മാറി വരികയാണ്. അടുത്തിടെ ടി.വി.യിൽ ഇന്ത്യയിലെ കംപ്യൂട്ടർ വ്യവസായത്തെ കുറിച്ച് നല്ല രീതിയിലാണ് അവതരിപ്പിച്ചത്.

(സ്ഥല പരിമിതിമൂലം സുദീർഘമായ അഭിമുഖത്തിൻെറ ഒരു സംക്ഷിപ്ത രൂപം മാത്രമേ ഇവിടെ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു)

## പ്രാദേശിക വാർത്തകൾ

### അടൂർ ഗോപാലകൃഷ്ണൻ

അടൂർ ഗോപാലകൃഷ്ണൻെറ ഏറ്റവും പുതിയ ചിത്രമായ 'കഥാപുരുഷൻെറ' പ്രിവ്യൂവിന് ഇവിടെയെത്തിയ അടൂരിനും പ്രധാന നടൻ വിശ്വനാഥനും സ്വീകരണം നൽകി. സ്വീകരണത്തിൽ മലയാളികൾക്കു പുറമെ ജാപ്പനീസ് കലാസാംസ്കാരിക രംഗത്തെ പലരും പങ്കെടുത്തു. എൻ.എച്.കെ. (ജപ്പാൻ ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ)യുടെ സഹായത്തോടെ നിർമ്മിച്ച കഥാപുരുഷൻെറ തിരക്കഥയുടെ കരടുരൂപത്തിൻെറ തർജ്ജ്മയിലും ചിത്രത്തിൻെറ സബ്ടൈറ്റിലുകൾ തയ്യാറാക്കുന്നതിലും ഇവിടത്തെ മലയാളികൾ പങ്കെടുത്തിരുന്നു. ചിത്രത്തിൻെറ പ്രദർശനത്തിനുശേഷം അടൂർ പ്രേക്ഷകരുടെ സംശയങ്ങൾക്ക് വിശദീകരണം നൽകുകയുണ്ടായി.

### ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണനും പത്നി ശ്രീമതി ഉഷ നാരായണനും ഡിസംബർ 3 മുതൽ ഒരാഴ്ചത്തെ സന്ദർശനത്തിനായി ജപ്പാനിൽ വന്നിരുന്നു. ഇവിടത്തെ ഒരു പ്രമുഖ പത്രമായ 'അസാഹി ഷിംബുൻ' സംഘടിപ്പിച്ചിരുന്ന "Future of Hope" എന്ന സെമിനാറിൽ പങ്കെടുക്കാനാണ് അവർ വന്നിരുന്നത്. ഈ സന്ദർശനത്തിനിടയിൽ ടോക്യോ, ഹിരോഷിമ, ക്യോട്ടോ, നാര, ഓസക്ക എന്നീ സ്ഥലങ്ങൾ അവർ സന്ദർശിക്കുകയുണ്ടായി. 1950 കളിൽ ഇവിടത്തെ ഇന്ത്യൻ എംബസിയിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം.

### ക്രിസ്മസ്

ഡിസംബർ 23-ാം തിയതി ഇന്ത്യൻ എംബസി ഹാളിൽവെച്ച് വിവിധ പരിപാടികളോടെ ക്രിസ്മസ് ആഘോഷിച്ചു. ഫാദർ സിറിൽ വെളിയത്ത് ക്രിസ്മസ് സന്ദേശം നല്കി. Homogeneity of Japan Vs. Diversity of India എന്ന പ്രമേയത്തെ ആസ്പദമാക്കി ശ്രീ. ജോർജ്ജ് വർഗീസ് നയിച്ച ചർച്ചയും, ശ്രീ. ബാബു കോഷിയുടെ നേതൃത്വത്തിൽ ക്വിസ്, മൈമിങ് തുടങ്ങിയ പരിപാടികളും ഉണ്ടായിരുന്നു. ശ്രീ. ബിജു പോൾ പരിപാടികൾ നിയന്ത്രിച്ചു.

## പ്രതികരണം

### ഒന്ന്

താളിയോലയുടെ ചിങ്ങത്തിലിറങ്ങിയ കന്നിപ്പതിപ്പ് കന്നിമാസം ഒന്നാം തിയതി കിട്ടി. വളരെ നന്നായിട്ടുണ്ട്. ജീവിതം എവിടെയായാലും വേരുകൾ സ്വന്തം മലയാള മണ്ണിൽത്തന്നെയാണെന്നു "താളിയോല" വിളിച്ചറിയിക്കുന്നു. ഓണാഘോഷത്തെക്കുറിച്ചു വായിച്ചപ്പോൾ അൽപനേരം nostalgia യിൽ ഇരുന്നുപോയി. മനസ്സിൽ 1993-ൽ ടോക്യോയിൽ ഞാൻ പങ്കെടുത്ത ഓണാഘോഷത്തെയും, പരിചയപ്പെട്ട പുതിയ സുഹൃത്തുക്കളെയും കുറിച്ചുള്ള ഓർമ്മകൾ.....

നിഹോണിൽ മലയാളികൾക്കു അഭിമാനിക്കാവുന്ന ഈ സംരംഭത്തിനു എല്ലാ ഭാവുകങ്ങളും നേർന്നു കൊള്ളുന്നു.

"താളിയോല" പേര് അസ്സലായി.

ലിയോൺ മോഹൻരാജ്
തിരുവനന്തപുരം

### രണ്ട്

ജപ്പാനിലെ മലയാളി സുഹൃത്തുക്കൾ മലയാളിത്തനിമ അതേപടി നിലനിർത്താൻ ശ്രമിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പ്രീ ഡിഗ്രിക്കുശേഷം കേരളത്തിനു പുറത്തു പഠിച്ച എനിക്ക് മറുനാടൻ മലയാളികളുടെ പ്രതികരണം വളരെ നിരാശാജനകമായിരുന്നു. ഒരു കൂട്ടർ മലയാളി എന്ന് പറയാൻ ഇഷ്ടപ്പെടാത്ത അപ്പർ ക്ലാസ്. (ഫോറിൻ മലയാളി എന്നാണ് ഞങ്ങൾ അവരെ വിളിക്കാറ്.) മറ്റൊരു കൂട്ടർ മലയാളിയാണെങ്കിലും മലയാളികളിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നവർ.ജപ്പാനിലെ മലയാളികൾ വളരെ ഉത്സാഹത്തോടുകൂടി ഞങ്ങളെ സ്വീകരിച്ച അനുഭവം മാത്രമെ പറയുവാനുള്ളു. ഹ്രസ്വകാല സന്ദർശനത്തിനെത്തുന്ന ഞങ്ങൾക്ക് മലയാളി സുഹൃത്തുക്കളുടെ വീട് ഒരു മരുപ്പച്ചയായിരുന്നു.

താളിയോല ഗ്രന്ഥത്തിന് കൂടുതൽ അദ്ധ്യായങ്ങളുണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

-ജോണി സി.പി.
കൊച്ചിൻ ഷിപ്പ്യാർഡ്.

# നാട്ടുവിശേഷം

## ജ്ഞാനപീഠം

ഭാരതീയ സാഹിത്യത്തിലെ വിശിഷ്ടപുരസ്കാരമായ ജ്ഞാനപീഠം എം.ടി. വാസുദേവൻ നായർക്ക് ലഭിച്ചിരിക്കുന്നു. നാല് പതിറ്റാണ്ടുകാലം മലയാളത്തിനു നൽകിയ സംഭാവനകളെ വിലയിരുത്തിയാണ് ഈ പുരസ്കാരം നൽകിയിരിക്കുന്നത്. പ്രശസ്തി പത്രവും സരസ്വതീദേവിയുടെ വെങ്കല ശില്പവും 2.5 ലക്ഷം രൂപയും അടങ്ങുന്നതാണ് ജ്ഞാനപീഠ പുരസ്കാരം. ജ്ഞാനപീഠം ലഭിക്കുന്ന നാലാമത്തെ മലയാളസാഹിത്യകാരനാണ് എം.ടി. തകഴി (1984), എസ്.കെ. പൊറ്റെക്കാട് (1980), ജി. ശങ്കരക്കുറുപ്പ് (1965), എന്നിവരാണ് മറ്റു മൂന്നുപേർ.

## നെഹ്റു സ്റ്റേഡിയം

കൊച്ചിയിൽ 70 കോടി രൂപ ചെലവിട്ട് നിർമ്മിച്ച നെഹ്റു സ്റ്റേഡിയം രാഷ്ട്രപതി ഡോ.ശങ്കർദയാൽ ശർമ രാഷ്ട്രത്തിനു സമർപ്പിച്ചു. ദേശീയ ഐക്യവും അഖണ്ഡതയും ശക്തിപ്പെടുത്തുകയും അന്താരാഷ്ട്ര സൗഹൃദവും സഹകരണവും ഊട്ടിയുറപ്പിക്കുകയും ചെയ്യുമെന്നതുകൊണ്ട്, ജനങ്ങൾക്കിടയിൽ ഒരു സ്പോർട്ട്സ് സംസ്കാരം വളർത്തിക്കൊണ്ടുവരേണ്ടതുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

## നിവേദനം

വിദേശ ഇന്ത്യക്കാർക്ക് വോട്ടവകാശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഗൾഫ് രാജ്യങ്ങളിലെ ഒരുലക്ഷം ഇന്ത്യക്കാർ ഒപ്പിട്ട ഭീമഹർജി രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമക്ക് സമർപ്പിച്ചു. വിദേശ ഇന്ത്യക്കാരുടെ ഈ ആവശ്യത്തെ താൽപര്യപൂർവ്വം ശ്രദ്ധിച്ച രാഷ്ട്രപതി നിവേദനം മേൽ നടപടിക്കായി പ്രധാനമന്ത്രിക്ക് അയച്ചുകൊടുക്കുമെന്ന് പറഞ്ഞു.

## ചാരായഷാപ്പുകൾ നിർത്തലാക്കുന്നു

അടുത്ത ഏപ്രിൽ ഒന്നിനു ശേഷം ചാരായഷാപ്പുകൾ നിർത്തലാക്കാൻ കേരള മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു. ഇതുമൂലം സംസ്ഥാനത്തിന് 250 കോടി രൂപയുടെ റെവന്യൂ നഷ്ടം ഉണ്ടാകുന്നതാണ്. ഈ നടപടികൾമൂലം തൊഴിൽ രഹിതരാകുന്ന 15000 ത്തോളം പേരെ പുനരധിവസിപ്പിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## സംസ്ഥാന അവാർഡ്

ഈ വർഷത്തെ സിനിമക്കുള്ള സംസ്ഥാന അവാർഡ് പ്രഖ്യാപിച്ചിരിക്കുന്നു.

ഏറ്റവും മികച്ച അവാർഡ്:

ചിത്രം - കഴകം (നിർമ്മാണം & സംവിധാനം എം.പി. സുകുമാരൻ നായർ), സംവിധായകൻ-അടൂർ ഗോപാലകൃഷ്ണൻ (കഥാപുരുഷൻ), നടൻ- മോഹൻ ലാൽ (സ്ഫടികം, കാലാപാനി), നടി - ഉർവ്വശി (കഴകം), തിരക്കഥ - ശ്രീനിവാസൻ (മഴയെത്തും മുൻപെ ), ഗായകൻ- യേശുദാസ്, ഗായിക - ചിത്ര, ഛായാഗ്രാഹകൻ - സന്തോഷ് ശിവൻ, സംഗീത സംവിധായകൻ- ഇളയരാജ, ഗാനരചന - ഗിരീഷ് പുത്തൻചേരി. കഥ - കഴകം.

രണ്ടാമത്തെ മികച്ച അവാർഡ്:

ചിത്രം - കാലാപാനി, നടൻ - നെടുവിൽ ഉണ്ണികൃഷ്ണൻ (കഥാപുരുഷൻ), നടി - ആറൻമുള പൊന്നമ്മ (കഥാപുരുഷൻ).

മോഹൻലാൽ നിർമ്മിച്ച് പ്രിയദർശൻ സംവിധാനം ചെയ്ത കാലാപാനിക്ക് ഏഴ് അവാർഡും അടൂരിന്റെ കഥാപുരുഷന് അഞ്ച് അവാർഡും ലഭിച്ചു. ജനപ്രീതിയാർജിച്ച ചിത്രത്തിനുള്ള അവാർഡ് മഴയെത്തും മുൻപെ കരസ്ഥമാക്കി.

---

Edited by:

Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@csfb.co.jp

Published by:

Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel & Fax: 045 364 7178
E-Mail: Suresh.Lal@FNB.Sprint.Com